എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് തർക്കം

69 (1145) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് തർക്കംമൂലം എത്ര വിദ്യാലയങ്ങൾ താത്ക്കാലികമായി ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതും സർക്കാർ ഏറ്റെടുക്കാത്തതുമായ എത്ര വിദ്യാലയങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) ഗവൺമെന്റ് എറ്റെടുത്ത വിദ്യാലയങ്ങളിൽ വരുന്ന അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും മാനേജ്മെന്റ് തർക്കംമൂലം മാനേജർ നിലവിലില്ലാത്ത വിദ്യാലയങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആശ്വാസ് പദ്ധതി

70 (1146) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 'ആശ്വാസ് പദ്ധതി' രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ I മുതൽ 8 വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് കായിക, കല, പ്രവൃത്തി പരിചയമേളകളിൽ പ്രത്യേക പരിശീലനം നൽകുന്നതിനായി ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് 'ആശ്വാസ്' പദ്ധതി.

(സി 'ആശ്വാസ്' പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

കണ്ണിന് കാഴ്ച നഷ്ടപ്പെട്ട അദ്ധ്യാപികയുടെ സ്ഥലം മാറ്റം

71 (1147) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണിന് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട ആതിര ഗോപകുമാർ എന്ന അദ്ധ്യാപികയ്ക്ക് തൃശ്ശൂർ ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുന്നതുമായി ബന്ധപ്പെട്ട 31077/E2/15/G.Edn. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്, വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രീമതി ആതിര ഗോപകുമാർ തൃശ്ശൂർ ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ 2-12-1991-ലെ G.O(P)No.36/91/P&ARD ഉത്തരവിലെ നടപടിക്രമത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമമനുസരിച്ച് അപേക്ഷ പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly